Deivarajyam May 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/5/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

# ദൈവരാജ്യം

**കോതമംഗലം രൂപത ബുള്ളറ്റിൻ**




വാല്യം 54
മെയ് 2015
ലക്കം 5




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ആന്ദ്രേയി റുബ്ലേവ് എന്ന റഷ്യൻ ഐക്കൺ രചയിതാവിന്റെ പരിശുദ്ധ ത്രിത്വത്തിലെ വ്യക്തികളുടെ ബന്ധം ചിത്രീകരിക്കുന്ന ഐക്കണാണ് കവർ പേജിൽ നൽകിയിരിക്കുന്നത്. മാമ്രേയുടെ ഓക്കുമരത്തോപ്പിൽ (ഉല്പ. 18) ദൈവം അബ്രാഹത്തെ സന്ദർശിക്കുന്ന രംഗമാണിത്. അബ്രാഹത്തിന്റെ വിരുന്നിനേക്കാൾ മൂന്നു ദൈവിക ആളുകളുടെ ഐക്യത്തിനും അവിഭാജ്യതയ്ക്കുമാണ് ഇവിടെ പ്രാധാന്യം. ഏറ്റവും ഇടതുവശത്ത് പിതാവിനെയും നടുവിൽ പുത്രനെയും വലതുവശത്ത് പരിശുദ്ധാത്മാവിനെയും കാണുന്നു. മൂന്നുപേരും മുഖാഭിമുഖ സംഭാഷണത്തിലാണ്. പിതാവ് നേരെയിരിക്കുന്നു, തന്റെ വലതുകരം ആശീർവദിക്കുന്നതുപോലെ ഉയർത്തി പുത്രന്റെ നേരെ ചൂണ്ടുന്നു. പുത്രൻ അത് തലകുനിച്ച് സ്വീകരിക്കുന്നു. പുത്രൻ തന്റെ കരം മേശപ്പുറത്തിരിക്കുന്ന കാസയ്ക്കു നേരെ ചൂണ്ടുന്നു. കൈയുടെ ചലനദിശ പരിശുദ്ധാത്മാവിന്റെ നേർക്കാണ്. പരിശുദ്ധാത്മാവാകട്ടെ ഈ ചലനം ശ്രദ്ധിച്ച്, സ്വീകരിച്ച്, തന്റെ കരം, പിതാവിന്റെ ഇഷ്ടത്തിനും പുത്രന്റെ മറുപടിയ്ക്കും അംഗീകാരം നൽകുന്ന ഭാഷയിൽ വച്ചിരിക്കുന്നു. ഇതാണ് പരിശുദ്ധ ത്രിത്വത്തിലെ വ്യക്തികൾ തമ്മിലുള്ള ഐക്യവും സ്നേഹബന്ധവും. ഓരോ വ്യക്തിയും ശ്രദ്ധ തന്നിലേക്കുതന്നെ തിരിക്കാതെ അപരനെ മഹത്വപ്പെടുത്തുന്നു. ധൂമ്രവർണ്ണത്തിലുള്ള പിതാവിന്റെ മേൽവസ്ത്രം മഹത്വത്തിന്റെയും രാജത്വത്തിന്റെയും വസ്ത്രമാണ്. പുറങ്കുപ്പായത്തിനടിയിലെ നീല ഉടുപ്പ് അനന്തമായ ദൈവികതയെ സൂചിപ്പിക്കുന്നു. പുത്രന്റെ ചുവന്ന വസ്ത്രം മനുഷ്യരക്ഷയ്ക്കുവേണ്ടി രക്തം ചിന്തിബലിയർപ്പിച്ചതിന്റെ പ്രതീകമാണ്. ജീവന്റെ അടയാളമായ പച്ചവസ്ത്രം പരിശുദ്ധാത്മാവിനെ ജീവദായകനായി ചിത്രീകരിക്കുന്നു. മൂന്നുപേരുടെയും ഇടതുകൈയിലുള്ള വടി സ്നേഹത്തിന്റെയും ശുശ്രൂഷയുടെയുമായ അധികാരത്തെ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ ചിത്രീകരണത്തിൽ ദൈവശാസ്ത്രത്തിന്റെ നിറവിലും പ്രതീകാത്മകതയുടെ ധന്യതയിലും കലാസൗന്ദര്യത്തിലും ഒരു മാതൃകാചിത്രമായി ഈ ഐക്കൺ കണക്കാക്കപ്പെടുന്നു.



**2015 ഏപ്രിൽ 27 – ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കൂദാശാകർമ്മം നിർവഹിച്ച വണ്ണപ്പുറം മാർ സ്ലീവ ദൈവാലയം.**



**2015 മെയ് 5 – ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കൂദാശാകർമ്മം നിർവഹിക്കുന്ന പുലിയൻപാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം.**

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No. 5 MAY 2015


Ref: 2846/K 35/OL/KCBC/DS 11.03.2015

## കേരള കത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മേയ്ദിന സന്ദേശം - 2015

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഉത്പത്തിയുടെ ക്രമവും പരസ്പരാശ്രയത്വവും പ്രദാനം ചെയ്ത ഒരുആദ്യപ്രപഞ്ചവിശുദ്ധിയെ (ഉത്പ 1:1-31), ആന്തരിക വിശുദ്ധി നഷ്ടപ്പെട്ട ഇന്നത്തെ മനുഷ്യൻ തകർത്തെറിയുന്നതാണ് നമ്മൾ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനും ദൈവമഹത്ത്വത്തിനും അല്പംപോലും വില കൽപ്പിക്കാത്തിടംവരെ ഇതു ചെന്നെത്തിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ വിശുദ്ധിയുടെ വീണ്ടെടുപ്പ് മനുഷ്യാധ്വാനത്തിലൂടെയാണെന്ന ദൈവഹിതം (ഉത്പ 3:19) ജീവിതത്തിലൂടെ കാണിച്ചുതന്ന തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഒപ്പം തൊഴിൽമേഖലയും തൊഴിലാളിയും നേരിടുന്ന ചില വിഷമസ്ഥിതികളിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

2. അസംതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഇഷ്ടപ്പെടാത്ത ജോലി, അപര്യാപ്തമായ കൂലി, ഉത്പ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കാതിരിക്കൽ, ചൂഷണത്വമുള്ള തൊഴിൽ



ദാതാവ്, സ്വാർത്ഥത നിറഞ്ഞ ട്രേഡ് യൂണിയൻ നേതാക്കൾ, അഴിമതിയിലാണ്ട അധികാരികൾ, സർക്കാരുകളുടെ വികലമായ നയങ്ങൾ എന്നിവയുടെയെല്ലാം ഫലമായി നേരിടേണ്ടിവരുന്ന അവഗണനയും ഉൾഭയവും ജീവിതാവശ്യങ്ങൾ നിവർത്തിക്കാനാകാത്തതിന്റെ നിരാശയുമാണ് തൊഴിലാളിയെ അസംതൃപ്തനാക്കിയിരിക്കുന്നത്. ഈ അവസ്ഥ ഏറെ അനുഭവിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിടകർഷകരും അസംഘടിത തൊഴിലാളികളായിട്ടാണു പരിഗണിക്കപ്പെടുന്നത്.

3. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യന്റെ മൗലിക അവകാശങ്ങളിൽപ്പെട്ടതാണ്. ഇത്തരം സംഘടനകൾക്ക് തൊഴിലാളികളെ പ്രതിനിധാനം ചെയ്യാനും അവരുടെ സാമ്പത്തിക ജീവിതം സംവിധാനം ചെയ്യാനും പ്രതികാര നടപടികളെപ്പറ്റിയുള്ള ഭയം കൂടാതെ സംഘടനാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാനും തൊഴിലാളിക്ക് അവകാശമുണ്ടെന്നിരിക്കെയാണ് (സഭ ആധുനിക ലോകത്തിൽ 68) അസംഘടിത തൊഴിലാളിസമൂഹം തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും, സാമ്പത്തിക സുരക്ഷയും നിയമപരിരക്ഷയും ഇല്ലാതെ ജീവനുപോലും ഭീഷണിയാകും വിധം ക്ലേശിക്കേണ്ടിവരുന്നത്.

4. പൊതുനന്മയായിരിക്കണം ഭരണാധികാരികളുടെയും രാഷ്ട്രീയ സാമുദായിക സംഘടനാനേതൃത്വത്തിന്റെയും ലക്ഷ്യം. വ്യക്തിയോടുള്ള ആദരവും സാമൂഹികക്ഷേമവും വികസനവും നീതി പൂർവ്വകമായ വ്യവസ്ഥിതിയും സുരക്ഷിതത്വവും സുസ്ഥിതിയും ഉൾക്കൊള്ളുന്നതായിരിക്കണം പൊതുനന്മയെന്നതാണ് സഭയുടെ പ്രഖ്യാപിത നിലപാട് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1905-1910). എന്നാലിന്ന് ഇവയൊന്നും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു. അസംഘടിത തൊഴിലാളികൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ അലംഭാവവും സാമൂഹിക പ്രതിജ്ഞാബദ്ധതയും സത്യസന്ധതയും തുലോം കുറവായ വിവിധ കമ്മീഷനുകളും പഠനസംഘങ്ങളും നൽകുന്ന റിപ്പോർട്ടുകളെ അവ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതും, സർക്കാരുകളുടെ കോർപറേറ്റ് പ്രീണനനയങ്ങളും കാണുമ്പോൾ അസംഘടിത തൊഴിൽ സമൂഹത്തെയും അവരുടെ കുടുംബങ്ങളെയും ഈ മേഖലകളിലെ തകർ

ച്ചകളെയും അധികാരികൾ പരിഗണിക്കുന്നേ ഇല്ലെന്ന് പറയേണ്ടി വരുന്നു.

5. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ കേരളസമൂഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ മുഴുവൻ പ്രതിഷേധത്തിനു വിധേയമാകുന്ന ഒന്നായി മാറിയിരിക്കുകയാണു മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്. രാജ്യത്തിന്റെ തീരക്കടലിനെ മുഴുവൻ വിദേശ കുത്തകകൾക്ക് തുറന്നു കൊടുക്കാനുള്ള ശുപാർശയാണ് ഈ റിപ്പോർട്ടിൽ പ്രധാനമായി ഉള്ളത്. ഇതുമൂലം സാധാരണ മൽസ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും എന്ന കാര്യത്തിൽ സംശയം ലവലേശമില്ല. ആയതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകേണ്ടിയിരിക്കുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, തീരമേഖലാനിയന്ത്രണനിയമങ്ങൾ എന്നിവമൂലം കർഷക ജനവിഭാഗവും തീരജനതയും കിടപ്പാടം പോലും നിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ വലിയ പ്രതിസന്ധിയിലാണ്. കേന്ദ്രസർക്കാറിന്റെ പ്രതികൂലനയങ്ങൾ മൂലമാണു റബ്ബർ ഉൾപ്പടെയുള്ള വിവിധ കാർഷിക വിളകൾ വിലത്തകർച്ച നേരിടുന്നത്. വനസംരക്ഷണത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ കർശനമാക്കപ്പെടുമ്പോൾ വന്യമൃഗങ്ങളുടെ കടന്നാക്രമണത്താൽ തകരുന്ന ചെറുകിട കാർഷികമേഖലയും അവിടുത്തെ ജീവനും കുടുംബവും തകർക്കപ്പെടുന്ന സാധാരണ തൊഴിലാളികളും ആർക്കും (ഭരണാധികാരികൾക്ക്) പ്രധാനപ്പെട്ടതല്ലാതായിത്തീരുന്നു.

6. സർക്കാർ ബജറ്റുകളിൽ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പറേറ്റുകൾക്കും പ്രോത്സാഹനവും നികുതിയിളവും വാരിക്കോരി നൽകുമ്പോൾ രാജ്യത്തെ തൊഴിൽശക്തിയുടെ തൊണ്ണൂററിമൂന്നു ശതമാനം വരുന്ന അസംഘടിത തൊഴിലാളിസമൂഹത്തിനായി ആനുപാതികമായി അർഹതപ്പെട്ട വിഹിതം മാറ്റിവെയ്ക്കപ്പെടുന്നില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്നവ വെട്ടിക്കുറയ്ക്കുകകൂടി ചെയ്യുന്നു. അസംഘടിത തൊഴിലാളികൾക്കായി ദേശീയതലത്തിൽ രൂപപ്പെടുത്തിയിരുന്ന മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പു പദ്ധതി, സ്വാലംബൻ പെൻഷൻ പദ്ധതി, ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന എന്നിവയുടെ നടത്തിപ്പ് ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ, കുറഞ്ഞ വകയിരുത്തൽ എന്നിവ വലിയ പ്രതിസന്ധിക്കു കാരണമാകുന്നുണ്ട്. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റനുകൂല തൊഴിൽ നിയമപരിഷ്കാരങ്ങൾ, പ്രോവിഡന്റ് ഫണ്ട് ഇ. എസ്. ഐ തുടങ്ങിയ നിയമങ്ങളിൽ വരുത്തുന്ന മാററങ്ങൾ എന്നിവ സംഘടിത തൊഴിൽമേഖലയുടെ അനൗപചാരിക വത്കരണത്തിനു വഴിവെയ്ക്കും. ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം, ഫണ്ടിന്റെ വകയിരുത്തൽ കുറവ്, ആനുകൂല്യങ്ങളുടെ വെട്ടിക്കുറയ്ക്കൽ, കെടുകാര്യസ്ഥത, അനാവശ്യമായ നൂലാമാലകൾ എന്നിവ മൂലം സംസ്ഥാനത്തെ പല തൊഴിലാളി ക്ഷേമനിധികളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ കൃഷിഭൂമിയുടെ അവകാശം കവരുന്നതും, ചെറുകിട കച്ചവടക്കാരുടെയും പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെയും പ്രശ്നങ്ങളും സുരക്ഷിതത്വ ഭീഷണിയും പരിഗണിക്കാത്തതും, പൊതുവിതരണം പൊതുവിദ്യാഭ്യാസം പൊതുവൈദ്യസഹായം എന്നീ മേഖലകളിലെ സബ്സിഡികൾ കുറച്ചുകൊണ്ട് സ്വകാര്യമേഖലയുടെ കടന്നുകയറ്റം അനുവദിക്കുന്നതുമായ സർക്കാരിന്റെ നയങ്ങളും നിലപാടുകളുമെല്ലാം അസംഘടിത തൊഴിലാളിസമൂഹത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.



7. ഇത്തരമൊരു സാഹചര്യത്തിൽ സഭയുടെ തൊഴിലാളിപക്ഷ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സന്തോഷങ്ങളും ദു:ഖങ്ങളും തിരുസ്സഭയുടേതു കൂടിയാണ് (സഭ ആധുനിക ലോകത്തിൽ 1). മാനവരാശിയുടെ കഷ്ടതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയാണെന്നാണ് തിരുസ്സഭാമാതാവ് പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇക്കാര്യം എല്ലായ്പ്പോഴും വിശ്വാസികളെ അനുസ്മരിപ്പിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ ജീവിതം സുരക്ഷിതമാകുമ്പോൾ മററുള്ളവരെ മറക്കുന്ന പ്രവണതയെ 2015-ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് നിശിതമായി വിമർശിക്കുന്നുണ്ട്. എനിക്കു ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മററുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. ഇന്നു നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോള വ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്ക് പറയാൻ തക്കവിധം അതു വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട

പ്രധാന പ്രശ്നമാണിത്. ആയതിനാൽ നിലവിലുള്ള സാമൂഹിക വ്യവസ്ഥിതികളിൽ നിന്നുകൊണ്ട് തന്നെ ഈ സംവിധാനങ്ങളെ പരമാവധി ഉപയോഗിച്ച് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അവകാശനിഷേധത്തിന്റെയും ഉച്ചനീചത്വങ്ങൾ ആവുന്നത്ര കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. പ്രേഷിതപ്രവർത്തനത്തിന്റെയും ജീവകാരുണ്യപ്രവർത്തനത്തിന്റെയും ഒപ്പം അസംഘടിത തൊഴിൽ മേഖലയിലെയും തൊഴിലാളിയുടെയും പ്രശ്നങ്ങളും ഏറ്റെടുക്കണം.

8. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) എന്ന സാമൂഹിക സന്നദ്ധസംഘടന പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത് അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്. സർക്കാർ പദ്ധതികളായ ക്ഷേമനിധികളെ പ്രോത്സാഹിപ്പിച്ച് പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കാൻ സാഹചര്യമൊരുക്കുക, പെൻഷൻ പദ്ധതികൾ എല്ലാവരിലും എത്തിക്കുക, തൊഴിൽ പരിശീലനം നൽകുക, ആരോഗ്യ ഇൻഷുറൻസ്, മൈക്രോ ഇൻഷുറൻസ് എന്നിവയുടെ പങ്കാളിത്തത്തോടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, സ്വയം സഹായസംഘങ്ങളിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനും സാമ്പത്തിക സുരക്ഷയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനും ശ്രമിക്കുക, തൊഴിലാളി നേതൃത്വം വളർത്തിയെടുക്കുക, വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ തൊഴിലാളി സമൂഹത്തെ സംഘടിപ്പിച്ച് ശക്തരാകാൻ സഹായിക്കുക, തൊഴിലാളികൾക്ക് അനുകൂലമായി സർക്കാരുകൾ നയങ്ങൾ രൂപീകരിക്കുന്നതിനു സമ്മർദ്ദപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജാതിമതഭേദമില്ലാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കെ.എൽ.എം. നടത്തിവരുന്നത്. നിർമ്മാണമേഖല, ചെറുകിട തോട്ടംതൊഴിൽ മേഖല, തയ്യൽമേഖല, മത്സ്യത്തൊഴിലാളി മേഖല, കർഷകത്തൊഴിലാളിമേഖല, മോട്ടോർ വാഹന തൊഴിലാളി മേഖല, ഗാർഹിക തൊഴിലാളി മേഖല, പീടിക തൊഴിലാളി മേഖല എന്നിവയിലാണ് ഇപ്പോൾ കൂടുതലായും പ്രവർത്തനങ്ങൾ നടക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പ്രദേശത്ത് ഈ മേഖലകളിലുള്ള മുഴുവൻ പേർക്കും ആവശ്യമായ സഹായം യഥാസമയം നൽകുന്നതിന് പ്രാദേശിക സഭാസമൂഹത്തിന് സാധിക്കണം. ഇതിനായി കെ.എൽ.എം. പ്രവർത്തനങ്ങൾ മുഴുവൻ രൂപതകളും പൂർണ്ണമനസ്സോടെ ഏറ്റെടുക്കണമെന്നും മുഴുവൻ ഇടവകകളും കെ.എൽ.എം. യൂണിറ്റുകൾ ആരംഭിച്ച് പാവപ്പെട്ട തൊഴിലാളികൾക്കായുള്ള പ്രവർത്തനം ശക്തമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.



9. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും ശുശ്രൂഷികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇവർക്കായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നിർദ്ദേശാനുസരണം കെ. എൽ. എം. നടപ്പിലാക്കിയിരിക്കുന്ന സുരക്ഷ പെൻഷൻ പദ്ധതി ഒട്ടുമിക്ക രൂപതകളും ഇതിനോടകം തന്നെവളരെ ഭംഗിയായി ചെയ്തുതുടങ്ങിയിട്ടുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. സുരക്ഷാപദ്ധതി ഇനിയും നടപ്പിലാക്കാത്ത രൂപതകളും സന്ന്യാസസമൂഹങ്ങളും ഈ വർഷം തന്നെ അതു നടപ്പിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമന, സേവന, വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും സുതാര്യവും നിയമാനുസൃതവും സഭാപ്രബോധനങ്ങൾക്കനുസൃതവും ആക്കുന്നതിനുവേണ്ടിയാണു കെസിബിസി പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. ഇതു നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നൽകുന്നതിനു കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിനു വേണ്ട ക്രിയാത്മക സഹകരണം എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും സ്ഥാപനാധികാരികളും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. കെസി.ബിസിയിലെ പിതാക്കന്മാരുടെ ആഹ്വാനങ്ങളും തീരുമാനങ്ങളും ചില സ്ഥാപനങ്ങളും അധികാരികളും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നുണ്ട്. ഈ സമീപനം സഭയെ ഒരുതരത്തിലും സഹായിക്കില്ലെന്ന് മാത്രമല്ല പൊതു സമൂഹത്തിൽ സഭ അവമതിക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടുന്നതിനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്നും മനസ്സിലാക്കണം. നീതിപൂർവ്വകമല്ലാത്ത കൂലി ദൈവസന്നിധിയിൽ പ്രതികാരത്തിനാവശ്യപ്പെടുന്ന പാപങ്ങളിലൊന്നാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, 2434). തൊഴിലിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അത് ചെയ്യുന്നത് മനുഷ്യനാണ് എന്നതുകൊണ്ടാണെന്നു മറന്നുകൂടാ (മതബോധനം 2428). അതിനാൽ മനുഷ്യത്വപരവും, കരുണാപരവുമായ സമീപനം തൊഴിലാളിയോടും അവന്റെ/അവളുടെ കുടുംബത്തോടും ഇല്ലാതെപോകുന്നുണ്ടെങ്കിൽ അത് കടുത്ത തിന്മയും ദുർമാതൃകയുമാണ്.

10. രാഷ്ട്രവും സമൂഹവും സഭയും ആവശ്യമായവ ചെയ്തു തരുമ്പോൾ നീതിപൂർവ്വകവും സത്യസന്ധവുമായ സമീപനം തൊഴിലാളികളിൽ നിന്നും ഉണ്ടാകണം. ഏല്പിക്കപ്പെട്ടിരിക്കുന്ന തൊഴിലിന്റെ മികച്ചരീതിയിലുള്ള നിർവ്വഹണം, തൊഴിലിനോടുള്ള ആത്മാർത്ഥത, തൊഴിൽ ദാതാവിനോടുള്ള ആദരം, കുടുംബത്തിന്റെയും ആശ്രിതരുടെയും സംരക്ഷണം, ലഹരിവസ്തുക്കളിൽ നിന്ന് അകന്നു നിൽക്കൽ, നാളെയുടെ ആവശ്യങ്ങൾക്കായി കരുതൽ തുടങ്ങിയവയെല്ലാം തൊഴിലാളിയുടെ ധാർമ്മികമായ കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. അവകാശങ്ങളും കടമകളും നിർവഹിക്കപ്പെടുന്ന സമൂഹത്തിലാണ് സമാധാനമുണ്ടാകുന്നത്. സമാധാനമാണ് യഥാർത്ഥ വികസനം (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ പാപ്പാ - ഭൂമിയിൽ സമാധാനം).

11. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥനകളും പ്രത്യേകം ദിവ്യബലിയും നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സഭയുടെ തൊഴിൽ കാര്യപ്രവർത്തനങ്ങളെയും പ്രവർത്തകരെയും അധികാരികളെയും സമർപ്പിക്കുന്നു.

12. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ പിറക്കുകയും തൊഴിൽ ചെയ്ത് ജീവിക്കുകയും സമൂഹത്തിലെ അസംഘടിത വിഭാഗങ്ങളിൽനിന്ന് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും ചെയ്ത നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ



## രൂപതക്കച്ചേരി

### *C. 38 /2015* എപ്പാർക്കിയൽ അസംബ്ലി

രൂപതാമെത്രാനും വൈദികരും അല്മായരും ചേർന്ന ഒരു ഉപദേശകസമിതിയാണ് എപ്പാർക്കിയൽ അസംബ്ലി അഥവാ രൂപതായോഗം.

രൂപതയുടെ പ്രത്യേക ആവശ്യങ്ങളിലും, രൂപതയ്ക്ക് ഉപകാരപ്രദമായ കാര്യങ്ങളിലും മെത്രാനുവേണ്ട സഹായം നല്കുന്നതിനായിട്ടാണ് രൂപതായോഗം വിളിക്കുന്നത് (c.235).

നമ്മുടെ രൂപതയുടെ അടുത്ത അഞ്ചുവർഷത്തേക്കുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ജൂലൈ 20 മുതൽ 24 വരെ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് രൂപതായോഗം (എപ്പാർക്കിയൽ അസംബ്ലി) നടത്തുകയാണ്. 20-ാം തീയതി വൈകിട്ട് 6 മണിക്ക് നടക്കുന്ന ഉദ്ഘാടനകർമ്മത്തോടെയാണ് അസംബ്ലി ആരംഭിക്കുന്നത്.

ജൂലൈ 24-ാം തീയതി രാവിലെ യോഗം അവസാനിക്കും. യോഗത്തിൽ പങ്കെടുക്കേണ്ടവർ:

1. രൂപതാദ്ധ്യക്ഷൻ
2. പ്രോട്ടോസിഞ്ചെല്ലൂസ്
3. സിഞ്ചെല്ലൂസ്
4. ജുഡീഷ്യൽ വികാരി
5. പ്രൊക്കുറേറ്റർ
6. ചാൻസിലർ
7. രൂപതാ ആലോചനാസംഘത്തിലുള്ളവർ
8. സെമിനാരി റെക്ടർ
9. ഫൊറോന വികാരിമാർ
10. ഓരോ ഫൊറോനയിൽ നിന്നും ഫൊറോന വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് അജപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർ എല്ലാവരാലും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഇടവകവികാരി.
11. വൈദിക സമിതിയിലെ അംഗങ്ങൾ
12. സ്വയാധികാര ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാരും രൂപതയിൽ ഭവനമുള്ള മറ്റ് സമർപ്പിതജീവിത സമൂഹങ്ങളുടെ അധികാരികളിൽ

നിന്ന് പ്രത്യേക നിയമം നിശ്ചയിച്ചിട്ടുള്ള രീതിയിലും എണ്ണത്തിലും തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും പേരും.

13. പാസ്റ്റർ കൗൺസിൽ പ്രത്യേകനിയമം അനുസരിച്ച് തിരഞ്ഞെടുക്കുന്ന അല്മായ പ്രതിനിധികൾ.

14. രൂപതാദ്ധ്യക്ഷൻ പ്രത്യേകം ക്ഷണിക്കുകയോ തിരഞ്ഞെടുക്കുകയോ ചെയ്യുന്ന മറ്റ് പ്രതിനിധികൾ.

യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഏതൊക്കെ ആയിരിക്കണമെന്ന് തീരുമാനിക്കുവാൻ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചയ്ക്കുശേഷം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വൈദികരുടെയും സന്ന്യസ്തരുടെയും, തിയോളജി പഠിക്കുന്ന വൈദിക വിദ്യാർഥികളുടെയും അല്മായ സഹോദരങ്ങളുടെയും ഇടയിൽ ഒരു ശാസ്ത്രീയ സർവ്വേ നടത്തുകയുണ്ടായി. ഇതിൽനിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ പ്രസ്ബിത്തേരിയത്തിലും (ജൂൺ 23), സിസ്റ്റേഴ്സിന്റെ പ്രതിനിധികളുടെ മീറ്റിംഗിലും (ജൂൺ 24), അല്മായ പ്രതിനിധികളുടെ മീറ്റിംഗിലും (ജൂൺ 25) ചർച്ച ചെയ്തശേഷമാണ് എപ്പാർക്കിയൽ അസംബ്ലിയുടെ അജണ്ട തീരുമാനിക്കുന്നത്. എപ്പാർക്കിയൽ അസംബ്ലിയിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ ഓരോ ക്രൈസ്തവ വിശ്വസിയുടെയും അഭിപ്രായമായിരിക്കുവാൻ വേണ്ടിയാണ് ഇത്ര വ്യാപകമായ ചർച്ചകളും പഠനങ്ങളും നടത്തിയ ശേഷം മാത്രം വിഷയം തിരഞ്ഞെടുക്കുന്ന രീതി അവലംബിച്ചത്. ഈ ചർച്ചകളിലും, സർവ്വേയിലും സഹകരിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ തുറവിയോടെ പങ്കുവച്ച എല്ലാവർക്കും ആത്മാർത്ഥമായി നന്ദി പറയുകയാണ്.

എപ്പാർക്കിയൽ അസംബ്ലിയിലേക്ക് അല്മായ സഹോദരങ്ങളെ തിരഞ്ഞെടുക്കുന്നത് മെയ് മാസം 15-ാം തീയതി ബിഷപ്പ്സ് ഹൗസിൽ ചേരുന്ന പാസ്റ്ററൽ കൗൺസിലിൽ വച്ചാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എല്ലാവരും അന്നേ ദിവസം ആ യോഗത്തിൽ സംബന്ധിക്കണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഈ അസംബ്ലിയിൽ ഓരോ ഫൊറോനയിൽ നിന്നും ഓരോ വൈദികനെ ഫൊറോന വികാരിയുടെ നേതൃത്വത്തിൽ കൂടുന്ന യോഗത്തിൽ വച്ച് തിരഞ്ഞെടുക്കേണ്ടതുണ്ട്. വൈദികരുടെ സ്ഥലം മാറ്റത്തിനുശേഷം ജൂൺ മാസത്തിൽ കൂടുന്ന മാസധ്യാനാവസരത്തിൽ ഈ തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വൈദികന് യോഗത്തിൽ പങ്കെടുക്കുവാൻ തടസ്സം നേരിട്ടാൽ അദ്ദേഹത്തിന്



പകരക്കാരനായി ഒരാളെ കൂടി തിരഞ്ഞെടുക്കാവുന്നതാണ്. ഇവരുടെ പേരുവിവരങ്ങൾ ജൂൺ 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. പകരക്കാരനായി തിരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ പേരിനു നേരെ പകരക്കാരൻ (Substitute) എന്ന് എഴുതേണ്ടതുണ്ട്.

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുന്ന ഏവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. രൂപതയെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് എപ്പാർക്കിയൽ അസംബ്ലി സഹായകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

രൂപതയുടെ മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യ സഹായം അപേക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവം,

കോതമംഗലം — മാർ ജോർജ് മഠത്തിക്കണ്ടത്തിൽ
01-05-2015 — കോതമംഗലം രൂപതാദ്ധ്യക്ഷൻ

*C. 39 /2015* **ബൈബിൾ ദിനാചരണം**

മെയ് 31-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ബൈബിൾ ദിനമായി ആചരിക്കുമല്ലോ. അന്നേദിവസം നടത്തേണ്ട പരിപാടികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

- ബൈബിൾ സൊസൈറ്റിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക.
- ബൈബിൾ അപ്പോസ്റ്റലേറ്റിനുവേണ്ടി നടത്താറുള്ള പിരിവ് നടത്തി രൂപതാകേന്ദ്രത്തിൽ ഏല്പിക്കുക.
- ബൈബിൾ പാരായണത്തിനും പഠനത്തിനും ഊന്നൽ നൽകിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
- ബൈബിൾ പ്രചാരണത്തിന്റെ ആവശ്യകത ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക.
- അക്രൈസ്തവ കുടുംബങ്ങളിൽ ബൈബിൾ എത്തിക്കുക.
- ബൈബിൾ വായിക്കാൻ കൂടുതൽ ജനങ്ങളെ പ്രേരിപ്പിക്കുക.

തിരുവചനം കൂടുതൽ വായിക്കുന്നതിനും പഠിക്കുന്നതിനുമുള്ള പ്രചോദനം ഈ ദിനാചരണം വഴി ഉണ്ടാകട്ടെ.

*Bishop*

*C. 40 /2015* **കൃതജ്ഞത**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസ

കൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയ പൂർവം നന്ദി പറയുന്നു.

*Bishop*

### *C. 41/2015* മാതൃദിനം

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

*Bishop*

### *C. 42/2015* Presbyterium

A plenary meeting of the Priests of the Diocese of Kothamangalam will be held on **Tuesday, 23 June 2015 from 10.00 am to 04.00 pm** at NESTT, Muvattupuza. All are expected to participate without fail.

*Bishop*

### *C. 43/2015* വൈദികരുടെ സ്ഥലമാറ്റം

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ലിസ്റ്റ് 2015 മെയ് മാസം 4-ാം തീയതി വൈകിട്ട് 4 മണിക്ക് രൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിനുമുമ്പ് ട്രാൻസ്ഫർ ഓർഡർ മെയിൽ ചെയ്യും. വികാരിയച്ചന്മാരും സ്ഥാപനങ്ങളിലുള്ളവരും മെയ് 23-ാം തീയതിക്കുമുമ്പും കൊച്ചച്ചന്മാർ മെയ് 30-ാം തീയതിയ്ക്കു മുമ്പും ചാർജ് എടുക്കേണ്ടതാണ്.

*Bishop*

### *C. 44/2015* വൈദികവസ്ത്ര സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കാളാംപറമ്പിൽ ആന്റണി, തറപ്പിൽ മാത്യു എന്നിവർ മെയ് 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് കോതമംഗലം കത്തീഡ്രലിൽവച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽനിന്ന് വൈദികവസ്ത്രം സ്വീകരിക്കുന്നു. റീജൻസിക്കാലത്ത് ഇവർ ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Syncellus*



### *C.45 /2015* വണ്ണപ്പുറം മാർ സ്ലീവ ദൈവാലയത്തിന്റെ കൂദാശകർമ്മം

വണ്ണപ്പുറം മാർസ്ലീവ പള്ളിയുടെ കൂദാശകർമ്മം 2015 ഏപ്രിൽ 27 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ദൈവാലയ നിർമ്മാണത്തിനായി കഠിനാദ്ധ്വാനം ചെയ്ത എല്ലാ ഇടവകജനങ്ങൾക്കും ത്യാഗപൂർവം നേതൃത്വം നൽകിയ വികാരി ബഹു. മാത്യു അത്തിക്കൽ അച്ചനും സഹകാരികളായിരുന്ന കൈക്കാരന്മാർക്കും കമ്മിറ്റിക്കാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ നേരുന്നു.

*Syncellus*

### *C. 46 /2015* പുലിയൻപാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ കൂദാശ

പുലിയൻപാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ കൂദാശകർമ്മം 2015 മെയ് 5 ചൊവ്വാഴ്ച 2.30-ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കും. അർപ്പണബോധത്തോടെ കഠിനമായി അദ്ധ്വാനിച്ച് ദൈവാലയനിർമ്മാണം പൂർത്തിയാക്കിയ വികാരി ബഹു. ജേക്കബ് തലാപ്പിള്ളിൽ അച്ചനും ഒപ്പം സഹകരിച്ച എല്ലാ ഇടവകജനങ്ങൾക്കും, കൈക്കാരന്മാർക്കും, കമ്മിറ്റിക്കാർക്കും പ്രത്യേകം നന്ദി.

*Syncellus*

### *C. 47 /2015* Syro Malabar Mission Sunday Collection

| Sl. No. | Name | Amount | Sl. No. | Name | Amount |
|---|---|---|---|---|---|
| 1 | Alakode | 2500 | 11 | Chilavu | 10000 |
| 2 | Ambikapuram | 4000 | 12 | Enanalloor | 500 |
| 3 | Anchiri | 5000 | 13 | Ezhalloor | 8000 |
| 4 | Arakuzha | 32500 | 14 | Inchathotty | 8350 |
| 5 | Arikuzha | 8110 | 15 | Inchoor | 1000 |
| 6 | Ayavana | 10000 | 16 | Kadalikad | 10000 |
| 7 | Cathedral | 140000 | 17 | Kadavoor | 2500 |
| 8 | Chalassery | 4500 | 18 | Kalayanthany | 5000 |
| 9 | Cheenikuzhy | 3000 | 19 | Kaliyar | 6000 |
| 10 | Cheppukulam | 1000 | 20 | Kallanickal | 10000 |

| | | |
|---|---|---|
| 21 | Kaloor | 10000 |
| 22 | Karakunnam | 5000 |
| 23 | Karimannoor | 35000 |
| 24 | Kavakad | 20800 |
| 25 | Keerampara | 500 |
| 26 | Kaithappara | 1950 |
| 27 | Kodikulam | 11803 |
| 28 | Kolady | 500 |
| 29 | Kulappuram | 1000 |
| 30 | Kuruppampady | 1000 |
| 31 | Kuthumkal | 1000 |
| 32 | Kuttampuzha | 13500 |
| 33 | Mailacombu | 5000 |
| 34 | Malayinchi | 5350 |
| 35 | Malippara | 10000 |
| 36 | Mamalakandam | 2000 |
| 37 | Marady | 5000 |
| 38 | Marika | 25000 |
| 39 | Meenkunnam | 2000 |
| 40 | Mekkadambu | 4000 |
| 41 | Mundanmudy | 5000 |
| 42 | Muthalakodam | 45940 |
| 43 | Muttathupara | 2150 |
| 44 | Muvattupuzha | 60000 |
| 45 | Muvattupuzha East | 10000 |
| 46 | Nadukani | 500 |
| 47 | Nadukara | 5000 |
| 48 | Nediasala | 15910 |
| 49 | Nedungapra | 1000 |
| 50 | Neendapara | 9060 |
| 51 | Nellikuzhy | 7500 |
| 52 | Nellimattam | 60000 |
| 53 | Neriamangalam | 10000 |
| 54 | Neyyassery | 2000 |
| 55 | Njarakad | 2000 |
| 56 | Njayappilly | 10000 |
| 57 | Paingottoor | 7250 |
| 58 | Pallickamury | 6250 |
| 59 | Pannimattam | 19121 |
| 60 | Pareekanny | 5724 |
| 61 | Parisakkallu | 2000 |
| 62 | Pazhampillichal | 2000 |
| 63 | Peringassery | 1250 |
| 64 | Peringuzha | 10000 |
| 65 | Perumannoor | 6340 |
| 66 | Perumpallichira | 9500 |
| 67 | Perumballoor | 5000 |
| 68 | Pothanikad | 4000 |
| 69 | Thattakuzha | 1000 |
| 70 | Thennathoor | 3000 |
| 71 | Thodupuzha East | 4800 |
| 72 | Thommankuth | 5000 |
| 73 | Thottakara | 15000 |
| 74 | Thrikariyoor | 1000 |
| 75 | Udumpannoor | 20000 |
| 76 | Uppukunnu | 1000 |
| 77 | Urulanthanny | 4030 |
| 78 | Vadakode | 2297 |
| 79 | Vandamattam | 3150 |
| 80 | Vazhapilly East | 24500 |
| 81 | Veliechal | 8720 |

*Finance Officer*



## *C.48 /2015* Monthly Recollection for Priests

***Topic for discussion in May***

Read in common Nos. 396 - 412 of the Catechism of the Catholic Church.

*Chancellor*

## *C.49 /2015* എപ്പാർക്കിയൽ അസംബ്ലിയിലേക്കുള്ള വൈദിക പ്രതിനിധികൾ

എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കേണ്ട വൈദികപ്രതിനിധികളെ ജൂൺ മാസത്തിലെ മാസധ്യാനാവസരത്തിലോ ഫൊറോന വികാരിയുടെ നേതൃത്വത്തിൽ കൂടുന്ന മറ്റേതെങ്കിലും മീറ്റിംഗിലോ വച്ച് തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ ഫൊറോനയിൽ നിന്നും ഓരോ പ്രതിനിധിയെയാണ് ഇടവക വൈദികരിൽനിന്നും തിരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് അസംബ്ലിയിൽ പങ്കെടുക്കുന്നതിന് തടസ്സം നേരിട്ടാൽ അദ്ദേഹത്തിന് പകരക്കാരനായി (Substitute) അസംബ്ലിയിൽ പങ്കെടുക്കുന്നതിന് ഒരാളെക്കൂടി തിരഞ്ഞെടുക്കേണ്ടതാണ്. ഇവരുടെ പേരുവിവരങ്ങൾ ജൂൺ 15-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

*Chancellor*

## *PC.2/2015* Meeting of the Pastoral Council

A meeting of the Pastoral Council will be held on **Friday, 15 May 2015 from 10.00 am to 01.00 pm** at the Bishop's House. The members are cordially invited.

*Chancellor*

## *JS. 3/2015* ജൂബിലി സ്മാരക സ്കോളർഷിപ്പ്- യോഗ്യതാ പരീക്ഷ

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുള്ള യോഗ്യതാപരീക്ഷ 2015 മെയ് 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 മണിവരെ കോതമംഗലം ബിഷപ്സ് ഹൗസ് വിജ്ഞാനഭവൻ ഹാളിൽ വച്ച് നടത്തപ്പെടുന്നു. പേരുനൽകിയിരിക്കുന്ന കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. ചോദ്യപേപ്പറിൽത്തന്നെ ഉത്തരങ്ങൾ എഴുതാവുന്ന വിധത്തിലാണ് പരീക്ഷ. പരീക്ഷാവിഷയങ്ങൾ : Sunday School Texts-

Standards IX, X, XI, XII, പൊതുവിജ്ഞാനം. പേരു നൽകിയിരിക്കുന്ന കുട്ടികളെ ഈ വിവരം ബ. വികാരിയച്ചന്മാർ അറിയിക്കുമല്ലോ. കുട്ടികൾക്ക് ഇതു സംബന്ധിച്ച് മറ്റൊരറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല. ഇനിയും പേര് തരാത്തവരുണ്ടെങ്കിൽ മെയ് 15 വരെ അതിന് അവസരമുണ്ടായിരിക്കും.

*Secretary*

*Pr C. 2/2015* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on **Tuesday, 9 June 2015 from 10.00 am to 01.00 pm** at Bishop's House. The members are cordially invited.

*Secretary*

## മൈനർ സെമിനാരി

*MS 15 /2015* **പ്രാർത്ഥനാശംസകൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തി മ്ശംശാന, ഹെവ്പ്പദ്യാക്കോന, കാറോയൂസ പട്ടങ്ങൾ സ്വീകരിക്കുന്നവരും വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനം ആരംഭിക്കുന്നവരുമായ എല്ലാ വൈദികവിദ്യാർത്ഥികൾക്കും സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

*MS 16 /2015* **Talent Scan**

മൈനർ സെമിനാരിക്കാർക്കായി മദ്ധ്യവേനൽ അവധിക്കാലത്ത് നടത്താറുള്ള ടാലന്റ് സ്കാൻ ഏപ്രിൽ 20, 21, 22 തീയതികളിൽ നടന്നു. സി. ലിസ്യു മരിയ സി.എം.സി. 'ദൈവവചനം വൈദിക പരിശീലനത്തിന്റെ അടിസ്ഥാനം' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

*MS 17 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Baby Lukose Maniangatt, Mathirappilly | 1000 |
| 2 | CML Bethlehem | 5000 |
| 3 | Erich Thomas Gessner | 20000 |
| 4 | One Benefactor, Nakapuzha | 100000 |
| 5 | P.J. Joseph, Puthiaparambil, Nirmalamatha Muvattupuzha | 5000 |
| 6 | Mathrudeepthy, Kadalikad | 10000 |
| 7 | Punnoose Parekunnel, Vannapuram | 5000 |
| 8 | Baby Mathew Methipara, Bethlehem | 5000 |



*Rector*

## വിജ്ഞാനഭവൻ

*V. 34/2015* **കാറ്റകെറ്റിക്കൽ കമ്മിറ്റി തീരുമാനങ്ങൾ**

2015 ഏപ്രിൽ 15 ബുധനാഴ്ച കോതമംഗലം രൂപതാ കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തെ കാറ്റക്കെറ്റിക്കൽ കമ്മിറ്റി യോഗം ചേർന്നു. ആധുനികകാലഘട്ടവും മാധ്യമങ്ങളും നമ്മുടെ കുട്ടികളുടെ മുന്നിൽ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചും ഈ പശ്ചാത്തലത്തിൽ വിശ്വാസപരിശീലനത്തിനുള്ള വർദ്ധിച്ച പ്രധാന്യത്തെക്കുറിച്ചും അഭിവന്ദ്യപിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. വിശ്വാസപരിശീലകർ ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും ഈ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. 46 പേർ യോഗത്തിൽ പങ്കെടുത്തു. കമ്മിറ്റിയുടെ തീരുമാനങ്ങൾ താഴെ പറയുന്നു:

1 വിശ്വാസോത്സവം 4 പൂർണ്ണദിവസങ്ങൾ ആയിരിക്കണം; തിങ്കൾ മുതൽ വ്യാഴം വരെ

2 ഒന്നാം സെമസ്റ്റർ പരീക്ഷകൾ പഴയതുപോലെ തന്നെ തുടരണം. രണ്ടാം സെമസ്റ്റർ പരീക്ഷകൾ വിശ്വാസോത്സവത്തെ തുടർന്നു വരുന്ന ശനിയാഴ്ച നടത്താൻ തീരുമാനിച്ചു.

രണ്ടാംസെമസ്റ്റർ പരീക്ഷയുടെ സമയക്രമം:

| | | |
|---|---|---|
| I - IX | : | രാവിലെ 9 മുതൽ 11 വരെ |
| X, XI, XII | : | രാവിലെ 11.15 മുതൽ 1.15 വരെ |

3 X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്ക് ഫൊറോന അടിസ്ഥാനത്തിൽ മൂവാറ്റുപുഴ NESTT -ൽ വച്ച് ദ്വിദിന സെമിനാർ സംഘടിപ്പിക്കുന്നു. എല്ലാ കുട്ടികളും ഈ സെമിനാറുകളിൽ പങ്കെടുക്കേണ്ടതാണ്. അവസാനദിവസം ഈ കുട്ടികളുടെ മാതാപിതാക്കൾക്കായും ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

4 Catechism അദ്ധ്യാപകർക്ക്, പുതുതായി വരുന്നവർക്കും ഇപ്പോഴുള്ളവർക്കും, പഠനപദ്ധതികളും പരിശീലനവും അനിവാര്യമാണെന്ന് കമ്മിറ്റി വിലയിരുത്തി. ക്ലാസ്സു തിരിച്ച് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനപദ്ധതികൾ ഒരുക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു.

5 I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം നമ്മുടെ രൂപതയിൽ തന്നെ തയ്യാറാക്കാൻ ഉള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിച്ചു. രണ്ടു വാല്യങ്ങളിലായാണ് ഇത് തയ്യാറാക്കുന്നത്. Volume I, I മുതൽ VI വരെ ക്ലാസ്സുകളിലേക്കും Volume II, VII മുതൽ XII വരെ ക്ലാസ്സുകളിലേക്കും. ഒരുവാല്യത്തിന് ഏകദേശം 30 രൂപയായിരിക്കും വില.

6 മികച്ച സൺഡേസ്കൂളുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുവാനുള്ള ചർച്ച വന്നെങ്കിലും നിലവിലുള്ള രീതി തുടർന്നാൽ മതിയെന്ന് തീരുമാനിച്ചു.

*V. 35/2015* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2015-2016 അദ്ധ്യയനവർഷത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഇതിനായി ഓർഡർ ഫോം പള്ളിയിലേക്ക് അയച്ചിട്ടുണ്ട്. ഫോം പൂരിപ്പിച്ച് നൽകാത്തവർ മെയ് 5-ന് മുമ്പ് നൽകേണ്ടതാണ്.

*V. 36/2015* **ലോഗോസ് സമർപ്പിത പ്രതിഭാപട്ടം**

സമർപ്പിതവർഷം പ്രമാണിച്ച് സാധാരണയുള്ള ലോഗോസ് പ്രതിഭാപട്ടത്തിനു പുറമെ സമർപ്പിതർക്കുവേണ്ടി ഒരു ലോഗോസ് സമർപ്പിത പ്രതിഭാപട്ടവും ഈ വർഷം ഉണ്ടായിരിക്കും. രൂപതയിൽ സമർപ്പിതർക്കിടയിൽ നിന്ന് പ്രായപരിഗണനയില്ലാതെ കൂടുതൽ മാർക്ക് നേടിയിട്ടുള്ള 5 പേരുടെ പേരുകൾ പി.ഒ.സി.യിൽ നൽകുന്നതാണ്.ഇവർക്കുവേണ്ടി നവംബർ 27-ാം തീയതി രാവിലെ 10 മുതൽ 11.30 വരെ സമർപ്പിത ലോഗോസ് ക്വിസ് എഴുത്തുപരീക്ഷ നടത്തുന്നതാണ്. അതിൽ ഉയർന്ന മാർക്കുവാങ്ങുന്ന 6 പേർക്കായി സമർപ്പിത ലോഗോസ് ടെലി ക്വിസ് ഉച്ചയ്ക്കുശേഷമോ പിറ്റേദിവസമോ നടക്കും. ഇതിലെ വിജയിയായിരിക്കും ലോഗോസ് സമർപ്പിത പ്രതിഭ. ലോഗോസ് പ്രതിഭയ്ക്കും ലോഗോസ് സമർപ്പിത പ്രതിഭയ്ക്കും വിശുദ്ധനാട് സന്ദർശനം ഉണ്ടായിരിക്കുന്നതാണ്.



**പഠനഭാഗം : യോഹന്നാൻ എഴുതിയ സുവിശേഷം1-12; യൂദാസ് എഴുതിയ ലേഖനം; സംഖ്യ 1-10; സുഭാഷിതം 1-9**

*V. 37/2015* **SAY EXAM**

**രജിസ്ട്രേഷൻ : 2015 മെയ് 2 മുതൽ 9 വരെ.**

**പരീക്ഷ : മെയ് 16 ശനി**
**സമയം** : 11.00 am - 1.00 pm
**റിസൽട്ട് : മെയ് 30 ശനി**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 15 വെള്ളിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 23-ന് മുമ്പ് രൂപതാകേന്ദ്രത്തിൽ എത്തിക്കണം.
- രണ്ടാം സെമസ്റ്ററിൽ തോറ്റവരെ ഉദ്ദേശിച്ചു മാത്രമാണ് മെയ് 16-ന് SAY Exam നടത്തുന്നത്.

*V. 38/2015* **പ്രമോട്ടേഴ്സ് ടീം അംഗങ്ങൾക്ക് നന്ദി**

ജനുവരി മാസം മുതൽ സൺഡേ സ്കൂൾ വിസിറ്റ് നടത്തിവരികയായിരുന്ന പ്രമോട്ടേഴ്സ് ടീം അംഗങ്ങളായ റവ. ഫാ. പോൾ ചൂരത്തൊട്ടി, റവ. ഫാ. പോൾ കാരക്കൊമ്പിൽ, റവ. ഫാ. ജോസ് മൂർക്കാട്ടിൽ, റവ. ഫാ. മാത്യൂസ് തേവർപാടം, സി. ആൻസി FCC, സി. സോസിമ SABS, സി. ജോസ്‌ലിൻ SH, ശ്രീ. ജോസഫ് മൂലശ്ശേരിൽ, ശ്രീ. K.M. മാത്യു, ശ്രീ. തോമസ് വെള്ളിയാംതടം, ശ്രീ. സിജി അഗസ്റ്റിൻ, ശ്രീ. ദീപു വലിയമറ്റം, ശ്രീ. ജെന്നി അലക്സ് എന്നിവർക്ക് ആത്മാർത്ഥമായ നന്ദി.

*V. 39/2015* **SCC, HCC Result**

മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 3 മുതൽ മെയ് 15 വരെ. ഇന്റേണൽ മാർക്ക് പ്രത്യേകം എഴുതാത്തവർ എഴുതി കൊണ്ടുവരേണ്ടതാണ്.

*V. 40/2015* **വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ ജൂൺ മാസം 13-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി

എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കുള്ള സമ്മാനങ്ങൾ തദവസരത്തിൽ നൽകുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*V. 41/2015* **HM & സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്**

2015 മെയ് മാസം 24-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ Nirmala HSS-ൽ വച്ച് നമ്മുടെ രൂപതയിലുള്ള എല്ലാ സൺഡേസ്കൂളുകളിലെയും HM & Staff Secretary മാരുടെ മീറ്റിംഗ് ഒരുക്കിയിരിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. **അന്നേ ദിവസം വി. കുർബാനയുണ്ടായിരിക്കും.**

*V. 42/2015* **പ്രവേശനോത്സവം**

2015 മെയ് 31 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ പ്രവേശനോത്സവമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും അവർക്ക് ചെറിയ സമ്മാനങ്ങൾ നല്കുന്നതും അവരിൽ കൂടുതൽ താല്പര്യം ഉണർത്തുന്നതിന് സഹായിക്കും. അവരുടെ മാതാപിതാക്കന്മാരെ കുട്ടികളുടെ കുർബാനയ്ക്ക് വരുവാൻ പ്രേരിപ്പിക്കുകയും പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

ഇടവകയിലെ വിശ്വാസപരിശീലന പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നു. ഇതിനായി സമർപ്പണബോധത്തോടുകൂടെ മുന്നോട്ടുവന്നിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*V. 43/2015* **സ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങണമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 44/2015* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സിഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ



പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn.11/2015* **The Managers/ HMs of all Schools**

2015-16 സ്കൂൾ വർഷത്തിലേക്ക് ആ സ്കൂളിൽ 2014-15 ൽ ഉണ്ടായിരുന്ന ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കുവാൻ ശ്രമിക്കുകയും അതിനായി എല്ല അദ്ധ്യാപകരും അനദ്ധ്യാപകരും ഉത്സാഹപൂർവ്വം പരിശ്രമിക്കുകയും ചെയ്യണം. 2015-16 സ്കൂൾ വർഷത്തിലെ ഡിവിഷൻ സംബന്ധിച്ചുള്ള റിപ്പോർട്ട് 2015 മെയ് 25-നകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് (Division fall & New Divisions).

Long Leave എടുക്കാൻ ഉദ്ദേശിക്കുന്നവർ മൂന്നു മാസം മുൻപ് യഥാവിധി പൂരിപ്പിച്ച ലീവ് അപേക്ഷകൾ ഈ ഓഫീസിൽ തരേണ്ടതാണ്. അപേക്ഷകൾ ഈ ഓഫീസിൽ നിന്നാണ് ഗവൺമെന്റിലേക്ക് അയയ്ക്കേണ്ടത്. ലീവിന് അപേക്ഷിക്കുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ ലീവ് പാസ്സാക്കി എടുക്കേണ്ടതാണ്. ലീവ് പാസ്സാക്കാതെ സ്വദേശം വിടാൻ പാടില്ലെന്നാണ് ഗവൺമെന്റ് നിയമം. ഈ നിയമം ലംഘിക്കുന്നവരുടെ പേരിൽ ശിക്ഷണനടപടിക്ക് ഗവൺമെന്റ് ഉത്തരവുണ്ട്. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം സ്റ്റാഫിന്റെ ശ്രദ്ധയിൽപെടുത്തണം.

**സ്പെഷ്യൽ ക്ലാസ്സുകൾ**

പത്താം ക്ലാസിലും +2 വിലും പഠിക്കുന്ന കുട്ടികൾക്ക് പതിവുപോലെ മെയ് മാസം മുതൽ സ്പെഷ്യൽ ക്ലാസ്സുകൾ തുടങ്ങേണ്ടതാണ്.

*Edn.12/2015* **HSE Result**

2015 മാർച്ചിൽ നടന്ന HSE പരീക്ഷയുടെ റിസൾട്ട് പരീക്ഷാഫലം അറിയുന്ന ഉടനെ ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

*Edn.13/2015* **SSLC Result**

**SSLC RESULT- 2014-15**

| Sl. No | Name of School | Total Appeared | Total Passed | % of Pass | No. of A+ |
|---|---|---|---|---|---|
| 1 | Muvattupuzha Nirmala HS | 213 | 213 | 100 | 42 |
| 2 | Karimannoor SJHS | 286 | 286 | 100 | 14 |
| 3 | Oonnukal LFHS | 175 | 175 | 100 | 3 |
| 4 | Muthalakodam SHGHS | 159 | 159 | 100 | 4 |
| 5 | Thodupuzha SSHS | 153 | 153 | 100 | - |
| 6 | Vazhithala SSHS | 128 | 128 | 100 | 1 |
| 7 | Kaliyar SMHS | 127 | 127 | 100 | 3 |
| 8 | Kalloorkad SAHS | 114 | 114 | 100 | - |
| 9 | Vazhakulam SLTHS | 72 | 72 | 100 | 3 |
| 10 | Ayavana SHHS | 65 | 65 | 100 | 1 |
| 11 | Pynkulam SRHS | 60 | 60 | 100 | 1 |
| 12 | Nakapuzha SMHS | 41 | 41 | 100 | 1 |
| 13 | Arakuzha SMHS | 41 | 41 | 100 | |
| 14 | Neyyasserry SSHS | 35 | 35 | 100 | 1 |
| 15 | Kodikulam SMHS | 33 | 33 | 100 | |
| 16 | Kuninji SAHS | 23 | 23 | 100 | 3 |
| 17 | Purapuzha SSHS | 23 | 23 | 100 | - |
| 18 | Memadangu SSHS | 20 | 20 | 100 | - |
| 19 | Udumpannoor SGHS | 140 | 139 | 99.28 | 3 |
| 20 | Kothamangalam SGHSS | 187 | 184 | 98.4 | 4 |
| 21 | Muthalakodam SGHSS | 104 | 102 | 98 | - |
| 22 | Kalayanthani SG HS | 143 | 140 | 98 | 2 |
| 23 | Kallanickal SGHS | 112 | 109 | 97.3 | - |
| 24 | Velielchal SJHS | 52 | 49 | 94.23 | - |

2014-2015 SSLC പരീക്ഷയ്ക്ക് ഉന്നതവിജയം കരസ്ഥമാക്കിയ മുഴുവൻ സ്കൂളുകളുടെ മാനേജർമാരെയും പ്രധാന അദ്ധ്യാപകരെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. തുടർന്നും നിങ്ങളുടെ സേവനം ഫലപ്രദമാകട്ടെ യെന്ന് ആശംസിക്കുന്നു.



*Edn.14/2015* **Staff Statement as on 01-06-2015**

Staff Statment പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുറിക്കുന്നു. അദ്ധ്യാപകാനദ്ധ്യാപകർ ഓരോരുത്തരുടെയും പേര്, അഡ്രസ്, ജനനതീയതി, റിട്ടയർമെന്റ് തീയതി, Cont. Service date, മൊബൈൽ ഫോൺ നമ്പർ, Qualification with subject മുതലായവ കൃത്യമായി എഴുതണമെന്ന് ഓർമിപ്പിക്കുന്നു.

*Edn.15/2015*

2014-15-ൽ നടത്തിയ Catechism / Moral Science മത്സരപ്പരീക്ഷയുടെ ഫലം താഴെ കൊടുത്തിരിക്കുന്നു. വിജയികൾക്ക് അനുമോദനങ്ങൾ.

**LIST OF WINNERS IN COMPETITIVE EXAMINATIONS 2014-15**

**STD IV - Catechism**

1. Anand Joe Nedumkallel - SSUPS, Thodupuzha
2. Jothis Maria Saji - Vimala Public School, Kuttampuzha
3. Brigit Rose Sabu - SGUPS, Muthalakodam

**STD VII - Catechism**

1. Linsu Therese Gino - SLTHS, Vazhakulam
2. Cinju Cijo - SJGHS, Arakuzha
3. Maria John - SJGHS, Arakuzha

**STD X - Catechism**

1. Keerthy Mathews - Vimala Public School, Thodupuzha
2. Minnu Mary Jolly - Vimala Matha HSS Kadalikad
3. Christeena Cleetus - SAHSS Kalloorkad

**STD IV - Moral Science**

1. Uma Jayakumar - Nirmala Junior School, Muvattupuzha
2. Devika Pradeep - LFLPS, Muvattupuzha
3. Nandhana Soman - SJLPS, Arakuzha

**STD VII - Moral Science**

1. Megha Nair - Vimala Public School, Thodupuzha

2 Aneesa Bakker - SAGHSS, Muvattupuzha
3. Gouri Krishna - Jai Rani EMHS, Thodupuzha

**STD X- Moral Science**

1. Sandra Sanil - SAHSS, Kalloorkad
2. Bincy Eldhose - SAGHSS, Muvattupuzha.
3. Chithramol Mohanan - SAHSS, Kalloorkad

*Secretary*

## സോഷ്യൽ സർവീസ്

*SS. 8 /2015* **കാൻസർ സുരക്ഷ സംഗമം നടത്തി**

രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാൻസർ രോഗികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'ആശാകിരണം'പദ്ധതിയുടെ ഭാഗമായി രൂപതയിലെ കാൻസർ രോഗികളുടെ സംഗമം നടത്തി. മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ സംഗമം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഡോ. വി. പി. ഗംഗാധരൻ മുഖ്യപ്രഭാഷണം നടത്തി. ആശാകിരണം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുള്ള ഐഡന്റിറ്റി കാർഡിന്റെ വിതരണോദ്ഘാടനം NESTTഡയറക്ടർ റവ. ഡോ. ജോർജ് കാരക്കുന്നേൽ നിർവഹിച്ചു. KSSS ഡയറക്ടർ ഫാ. പോൾ ചൂരത്തൊട്ടി സ്വാഗതവും ആശാകിരണം കോ-ഓർഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ നന്ദിയും പറഞ്ഞു.

ഉച്ചയ്ക്കുശേഷം നടത്തിയ രോഗസൗഖ്യശുശ്രൂഷയ്ക്ക് ഫാ. ജോർജ് ചേറ്റൂർ നേതൃത്വം നൽകി. ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ സമാപനസന്ദേശം നൽകി. KSSS അസി. ഡയറക്ടർ ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ, ക്രെഡിറ്റ് യൂണിയൻ രൂപത പ്രസിഡന്റ് മത്തച്ചൻ ചേബ്ലാങ്കൽ, വർഗീസ് പേയ്ക്കൽ എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽനിന്നുമായി 400-ൽ പരം രോഗികൾ സംഗമത്തിൽ പങ്കെടുത്തു.

*SS. 9 /2015* **നോമ്പുകാല സംഭാവന**

സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഓശാന ഞായറാഴ്ചത്തെ സംഭാവന KSSS -ൽ എത്തിക്കുവാൻ നിർദ്ദേശിച്ചിരുന്നല്ലോ. ഇനിയും നൽകിയിട്ടില്ലാത്തവർ എത്രയും നേരത്തെ എത്തിക്കുവാൻ താല്പര്യപ്പെടുന്നു.



*SS. 10 /2015* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയന്റെ ഓഡിറ്റിംഗ് ഇനിയും നടത്തിയിട്ടില്ലാത്ത സംഘങ്ങൾ അവ എത്രയും പെട്ടെന്ന് നടത്തി റിപ്പോർട്ട് ഓഫീസിൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

*SS. 11 /2015* **ഓറിയന്റൽ ഇൻഷ്വറൻസ്**

സോഷ്യൽ സർവീസ് സൊസൈറ്റി വഴി 1,65,000 രൂപ മെഡിക്കൽ ഇൻഷ്വറൻസ് ആയി അർഹതപ്പെട്ടവർക്ക് നൽകി.

*Director*

## യുവദീപ്തി

*YD 9 /2015* **ജീവിതദർശൻ ധ്യാനം - 2015**

+2 കഴിഞ്ഞ യുവതീയുവാക്കന്മാർക്കായി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് KCYM കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ മെയ് 27 -ാം തീയതി വൈകിട്ട് 4 മണിയോടെ ആരംഭിച്ച് 30-ാം തീയതി ഉച്ചയ്ക്ക് 3 മണിയോടെ അവസാനിക്കുന്ന രീതിയിൽ ഒരു ധ്യാനം നടത്തപ്പെടുന്നു. ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരവരുടെ ഇടവകയിലോ, ഫൊറോനയിലോ ഉള്ള KCYM ഭാരവാഹികളുമായി ബന്ധപ്പെടുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി പകുതി ഫീസിൽ ഒരു ഫൊറോനയിൽ നിന്നും 5 പേർക്ക് അവസരം നൽകുന്നതാണ്. പാലാരൂപതയിൽ നിന്നുമുള്ള ബഹുമാനപ്പെട്ട വൈദികരാണ് ധ്യാനം നയിക്കുന്നത്. രജിസ്ട്രേഷൻ മെയ് 10-ാം തീയതി അവസാനിക്കുന്നതായിരിക്കും. ദൈവിക ചൈതന്യത്തിൽ വളരാൻ ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ. രജിസ്ട്രേഷൻ ഫീസ് 600 രൂപ. കൂടുതൽ വിവരങ്ങൾക്കായും രജിസ്ട്രേഷനായും ബന്ധപ്പെടേണ്ട നമ്പരുകൾ:

Sr. Karunya CMC- 8547683575 (ആനിമേറ്റർ)

Fr. Sebastian Kanimattathil - 9747975511 (രൂപത ഡയറക്ടർ)

Febin Francis Kattackal - 9656130647 (രൂപത പ്രസിഡന്റ്)

*YD10 /2015* **നന്ദി**

ഏപ്രിൽ മാസത്തിൽ മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കെടുക്കുകയും പ്രാർത്ഥനയോടെ മലകയറുകയും ചെയ്ത എല്ല യുവജനങ്ങൾക്കും നന്ദി. അവരെ പറഞ്ഞയച്ച ഫൊറോന/യൂണിറ്റ് ഡയറക്ടർ അച്ചൻമാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, മാതാപിതാക്കന്മാർക്കും, ഫൊറോന/യൂണിറ്റ് ഭാരവാഹികൾക്കും അഭിനന്ദനങ്ങളും, നന്ദിയും. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഞങ്ങളുടെ മദ്ധ്യസ്ഥനായ വി. തോമസ് മൂറേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

*Director*

## ജീസസ് യൂത്ത്

*JY . 9 /2015* **സബ്സോൺ പുനഃസംഘടന**

ജീസസ് യൂത്ത് കോതമംഗലം സബ്സോൺ സർവീസ് ടീം പുനഃസംഘടന നടത്തി. അലക്സ് പി. സോജനെ സബ്-സോൺ കോ-ഓർഡിനേറ്റർ ആയും ആന്റണി, ജോബിൻ ജോയി, സിബിൻ എബി ഷാജൻ അനിറ്റ മാത്യു, ആൻ മേരി, റോയി, ദിലി എന്നിവരെ സർവീസ് ടീം അംഗങ്ങളായും തിരഞ്ഞെടുത്തു.

*JY . 10 /2015* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഏപ്രിൽ 11-ാം തീയതി വൈകിട്ട് തുടങ്ങി 12-ാം തീയതി 1.00 am-ന് വി. ബലിയോടുകൂടി സമാപിച്ചു. അടുത്ത നൈറ്റ് വിജിൽ മെയ് മാസം 9-ാം തീയതി ആയിരിക്കും.

*JY . 11 /2015* **U turn**

ജീസസ് യൂത്ത് കോതമംഗലം സോൺ യുവജനങ്ങൾക്കായി ഒരുക്കുന്ന 'U turn' പ്രോഗ്രാമിന്റെ വിജയത്തിനായി 21 ദിവസം തുടർച്ചയായി നിത്യാരാധന തൊടുപുഴ ടൗൺ പള്ളിയിൽ വച്ച് നടത്തി. ഏപ്രിൽ 8-ാം തിയതി മുതൽ ഏപ്രിൽ 29-ാം തീയതി വരെയാണ് ആരാധന നടത്തിയത്.

*Animator*



## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 13 /2015*

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ഇടവകകളിലും വാർഡ് നേതാക്കളുടെ കുടുംബ സംഗമം നടത്തുന്നു. ഇടവക തലത്തിലുള്ള ആദ്യ സംഗമം മെയ് 8-ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ ഹാളിൽ ചേരും. രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ സംഗമം ഉദ്ഘാടനം ചെയ്യും.

*FA 14 /2015* **മദ്ധ്യസ്ഥ പ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള ഫാമിലി കൗൺസലിംഗും മദ്ധ്യസ്ഥ പ്രാർത്ഥനയും മെയ് 27 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 15 /2014* **വിവാഹ ഒരുക്ക സെമിനാർ**

| | | |
|---|---|---|
| May | 6 - 8 | - NESTT |
| " | 20 - 22 | - NESTT |

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 3/2015* **കൂപ്പൺ നറുക്കെടുപ്പ്**

കത്തോലിക്കാ കോൺഗ്രസ് രൂപതാ സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തനഫണ്ട് കളക്ഷന്റെ കൂപ്പൺ നറുക്കെടുപ്പ് ഏപ്രിൽ 12 ഞായറാഴ്ച മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളി പാരീഷ് ഹാളിൽ വച്ച് രൂപതാ ഡയറക്ടർ മോൺ. ജോർജ്ജ് ഓലിയപ്പുറത്തിന്റെയും, മുതലക്കോടം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് അടപ്പൂരിന്റെയും സാന്നിദ്ധ്യത്തിൽ നടത്തി. രൂപതാ, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

1-ാം സമ്മാനം - 29767

2-ാം സമ്മാനം - 28995

3-ാം സമ്മാനം - 29528

സമ്മാനം നേടിയ കൂപ്പണുകൾ കൈവശമുള്ളവർ താഴെ പറയുന്നവരെ ബന്ധപ്പെടേണ്ടതാണ്.

ഐപ്പച്ചൻ തടിക്കാട്ട് -9446020050, അഡ്വ: ജോസ് ഇലഞ്ഞിക്കൽ - 9447474949

*AKCC 4/2015*

കോതമംഗലം രൂപതയിൽ ഈ വർഷം അഭിഷിക്തരായ നവവൈദികരെ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി ആദരിച്ചു. തീർത്ഥാടന കേന്ദ്രമായ ആരക്കുഴ മലേക്കുരിശ് പള്ളിയിൽ നവവൈദികർ ബലിയർപ്പിച്ചു. പള്ളിയങ്കണത്തിൽ രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ മോൺ. ജോർജ്ജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. ജോയി പോൾ പീച്ചാട്ട്, ജോസ് ഇലഞ്ഞിക്കൽ, റവ. ഡോ. ഫ്രാൻസീസ് കീരംപാറ തുടങ്ങിയവർ പ്രസംഗിച്ചു.

*AKCC 5 /2015* **നേതൃത്വ പരിശീലന ക്യാമ്പ്**

2015 ജൂൺ മാസം 12, 13 തീയതികളിൽ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു. യൂണിറ്റ്, ഫൊറോന, രൂപതാ ഭാരവാഹികൾക്കായി നടത്തുന്ന ഈ ക്യാമ്പ് പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രമിക്കുക.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 2/2015* **പുതിയ സേവനസമിതി അംഗങ്ങൾ**

കത്തോലിക്ക കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോണിന്റെ പുനഃസംഘടിപ്പിക്കപ്പെട്ട പുതിയ സർവീസ് ടീം 13-04-2015 തിങ്കളാഴ്ച കാരക്കുന്നം സെന്റ് മേരീസ് കത്തോലിക്ക പള്ളിയിൽ വച്ച് രൂപതാ പ്രാർത്ഥന ഗ്രൂപ്പ് ഡയറക്ടർ ബഹുമാനപ്പെട്ട ജോർജ് ചേറ്റൂർ അച്ചന്റെയും അസി. ഡയറക്ടർ ബഹു. തോമസ് കല്ലറയ്ക്കൽ അച്ചന്റെയും സാന്നിധ്യത്തിൽ ചുമതലയേറ്റു.

2013-2015 കാലയളവിലെ കോ-ഓർഡിനേറ്റർ ശ്രീ. പി.ആർ. ആന്റണിയും സെക്രട്ടറി ശ്രീ. രാജേഷ് പിട്ടാപ്പിള്ളിയും 2015-2017 കാലഘട്ടത്തിലെ സർവീസ് ടീം കോ-ഓർഡിനേറ്റർ ശ്രീ. സോജൻ കുഴിക്കാട്ടുമാലിൽ, സെക്രട്ടറി ശ്രീ. ജോൺസൺ കുഞ്ഞലക്കാട്ട് എന്നിവർക്ക് രേഖകൾ നൽകിക്കൊണ്ട് ചുമതല കൈമാറി.



പുതിയ സേവനസമിതി അംഗങ്ങളുടെ പേരും വിവരങ്ങളും:

1. സോജൻ കെ. പോൾ കുഴിക്കാട്ടുമാലിൽ, ചിലവ് (കോ-ഓർഡിനേറ്റർ)
2 ജോൺസൺ കുഞ്ഞലക്കാട്ട്, പൈങ്ങോട്ടൂർ (സെക്രട്ടറി)
3 എം.എം. ജോസ് അറുകാലിൽ, ചിറ്റൂർ (ട്രഷറർ)
4 ബാബു വർഗീസ് നമ്പ്യാപറമ്പിൽ, വാഴക്കുളം (പാരീഷ് മിനിസ്ട്രി)
5 എ.ജെ. ജോയി അമ്പലക്കാട്ട്, തൃക്കാരിയൂർ (ജീവജ്വാല)
6 എം.പി. ജോസ് മുഴുത്തേറ്റ്, കരിങ്കുന്നം (ജീസസ് യൂത്ത്)
7 പി.ആർ. ആന്റണി പനച്ചിത്തറ, വാഴക്കുളം (മദ്ധ്യസ്ഥപ്രാർത്ഥന)
8 മേരി അഗസ്റ്റിൻ മണ്ണാംപറമ്പിൽ, കല്ലൂർക്കാട് (കപ്പിൾസ് മിനിസ്ട്രി)
9 ആൻസി തോമസ് കോക്കണ്ടത്തിൽ, മാറിക (കെരിഗ്മ)
10 ഡാലിയ മാത്യൂസ് പാലക്കൽ, മാറാടി (തൂവാനീസ)
11 രാജേഷ് പിട്ടാപ്പിള്ളി, നെടുങ്ങപ്ര (KAC മെമ്പർ)
12 ബേബി ജോസ് കളപ്പുര, പുലിയൻപാറ (KAC മെമ്പർ)

*PG 3 /2015* **സബ്സോൺ പുനഃസംഘടന**

കോതമംഗലം സോണിലെ 8 സബ്സോണുകളിലെയും 2015-2017 ലേക്കുള്ള സേവനസമിതി അംഗങ്ങളുടെ പുനഃസംഘടനയ്ക്കുള്ള തീയതികൾ നിശ്ചയിച്ചു. താഴെപ്പറയുന്ന തീയതികളിൽ സോണൽ സർവീസ് ടീമിന്റെ റിസോഴ്സ് ടീം ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ ഇലക്ഷൻ നടത്തപ്പെടുന്നു.

1. ഊന്നുകൽ സബ്സോൺ: മെയ് 8 വെള്ളി, ഊന്നുകൽ ലിറ്റിൽ ഫ്ളവർ ഫൊറോന പള്ളി 10.00 am - 1.00 pm
2 വാഴക്കുളം: മെയ് 9 ശനി, സെന്റ് ജോർജ് ഫൊറോന പള്ളി
3 പൈങ്ങോട്ടൂർ: മെയ് 9 ശനി, സെന്റ് ആന്റണീസ് ഫൊറോന പള്ളി
4 കരിമണ്ണൂർ: മെയ് 9 ശനി, സെന്റ് മേരീസ് ഫൊറോന പള്ളി
5 കോതമംഗലം: മെയ് 15 വെള്ളി, സെന്റ് ജോർജ് കത്തീഡ്രൽ
6 തൊടുപുഴ: മെയ് 19 ചൊവ്വ, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ഫൊറോനപള്ളി
7 മാറിക: മെയ് 16 ശനി, സെന്റ് ആന്റണീസ് സ്കൂൾ മാറിക
8 മൂവാറ്റുപുഴ: ഹോളിമാഗി ഫൊറോന പള്ളി

*PG 5 /2015* **പന്തക്കുസ്താദിനം**

ഈ വർഷത്തെ പന്തക്കുസ്താദിനവും കരിസ്മാറ്റിക് ദിനവും മെയ് 23-ാം തീയതി ശനിയാഴ്ച വാഴക്കുളം ഇമ്മാനുവൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. പുനഃസംഘടിപ്പിച്ച സബ് സോൺ സർവീസ് ടീം അംഗങ്ങളുടെ അഭിഷേകപ്രാർത്ഥനയും അന്നേദിവസം നടത്തും. എല്ലാ ഇടവകകളിലുമുള്ള പ്രാർത്ഥനാഗ്രൂപ്പിൽപ്പെട്ട അംഗങ്ങളും, നവീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ 9.30-ന് ആരംഭിക്കുന്ന പന്തക്കുസ്താദിനാചരണത്തിൽ ജപമാല, വചനസന്ദേശം, വി. കുർബാന, അഭിഷേകപ്രാർത്ഥന എന്നീ ശുശ്രൂഷകൾക്ക് ആനിമേറ്റർ അച്ചനും അസിസ്റ്റന്റ് അച്ചനും സോണൽ സർവീസ് ടീം അംഗങ്ങളും നേതൃത്വം നൽകും.

*Director*

## മാതൃദീപ്തി

*MD.16 /2015* **മാതൃദീപ്തി വാർഷിക ആഘോഷവും സമർപ്പിതരെ ആദരിക്കലും**

വാർഷിക ആഘോഷവും സമർപ്പിതരെ ആദരിക്കലും 2015 മെയ് 12-ന് ചൊവ്വാഴ്ച NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. രൂപത പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. രൂപത ഡയറക്ടർ റവ. ഫാ. പോൾ കാരക്കൊമ്പിൽ ആമുഖ സന്ദേശം നൽകും. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ഭാരവാഹികൾ ഉൾപ്പെടെ കുറഞ്ഞത് 10 പേർ എങ്കിലും ഈ സമ്മേളനത്തിൽ പങ്കെടുക്കും. ചടങ്ങിൽ വച്ച് മാതൃദീപ്തിയുടെ വിവിധ തലങ്ങളിലായി സേവനം അനുഷ്ഠിക്കുന്ന മോഡറേറ്റർ സിസ്റ്റേഴ്സിനെ ആദരിക്കുന്നതാണ്. മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച A, B, C ഗ്രൂപ്പുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് ട്രോഫികൾ നൽകുന്നതാണ്. രൂപത മോഡറേറ്റർ സി. റെജി മരിയ, വൈസ് പ്രസിഡന്റ് ശ്രീമതി. മേരി



ജോർജ്ജ്, സെക്രട്ടറി ശ്രീമതി ഫിലോ ജോർജ്ജ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ഡെയ്സി തങ്കച്ചൻ, ട്രഷറർ ശ്രീമതി ലൂസി മൈക്കിൾ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകും.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 4 /2015* **ഏകസ്ഥ കൂട്ടായ്മ**

2015 മെയ് 18-ാം തീയതി മരിയൻ സിംഗിൾസ് കൂട്ടായ്മ NESTT - ൽ വച്ച് ബ. ഡയറക്ടർ പോൾ കാരക്കൊമ്പിലച്ചന്റെ നേതൃത്വത്തിൽ സമ്മേളിക്കുന്നു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 1 /2015* **സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് പുതിയ ഭാരവാഹികളും പ്രവർത്തന മികവും**

2014-2015 പ്രവർത്തനവർഷം കോതമംഗലം രൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം അഭൂതപൂർവമായ പ്രവർത്തനമികവും അഭിമാനമുഹൂർത്തങ്ങളും നിറഞ്ഞതായിരുന്നു.

ഈ വർഷത്തിൽ ഒന്നേമുക്കാൽ കോടിരൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളാണ് രൂപതയിലെ 125 കോൺഫറൻസുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഇത് ഒരു സർവകാല റിക്കാർഡ് ആണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന കുടുംബങ്ങൾക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയ വിവിധങ്ങളായ ആവശ്യങ്ങൾക്കാണ് സഹായങ്ങൾ നല്കിയിട്ടുള്ളത്. ഇത്രയും ബൃഹത്തായ കർമ്മപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ രൂപതയിലെ 125 കോൺഫറൻസുകളിലെ വിൻസെൻഷ്യൻ പ്രവർത്തകർ അഭിനന്ദനമർഹിക്കുന്നു.

ഈവിധ പ്രവർത്തനങ്ങൾക്ക് ദൈവം നൽകിയ പ്രത്യേക വരദാനമെന്നവണ്ണം സെ.വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ

ദേശീയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചുമതലയേൽക്കുകയും ചെയ്തിരിക്കുന്നത് നമ്മുടെ രൂപതയിലെ സി.സി. പ്രസിഡന്റും നിർമ്മല കോളേജിലെ കൊമേഴ്സ് വിഭാഗം മേധാവിയുമായ പ്രൊഫ. ജോൺസൺ വർഗീസ് നെടുമ്പുറം ആണ്. അദ്ദേഹം രൂപം നൽകിയിരിക്കുന്ന പുതിയ ദേശീയ കൗൺസിലിൽ വൈസ് പ്രസിഡന്റായി പെരുമ്പല്ലൂർ ഇടവകയിലെ പി.ഐ. ജോസഫ് പെരിയക്കോട്ടിലും ദേശീയ സെക്രട്ടറിയായി മാറിക ഇടവകയിലെ ഫ്രാൻസീസ് കരിമ്പടക്കുഴിയും ഉൾപ്പെടുന്നു എന്നത് നമ്മുടെ രൂപതയ്ക്ക് അഭിമാനകരമാണ്.

ഈ സാഹചര്യത്തിൽ കോതമംഗലം രൂപതയിൽ ഒഴിവുവന്ന പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ചെപ്പുകുളം ഇടവകയിലെ അഡ്വ. ബാബു ജോസഫ് കുമ്പളാങ്കൽ തിരഞ്ഞെടുക്കപ്പെടുകയും ചുമതലയേൽക്കുകയും ചെയ്തിരിക്കുന്നു. ഇവർക്കെല്ലാവർക്കും മികച്ച പ്രവർത്തന വിജയം ആശംസിക്കുന്നു.

നാഷണൽ പ്രസിഡന്റിന്റെ അഡ്രസ്സ്: പ്രൊഫ. ജോൺസൺ വർഗീസ് നെടുമ്പുറത്ത് ഹൗസ്, തൊടുപുഴ ഈസ്റ്റ് പി.ഒ. ഫോൺ. 09447526025

സി. സി. പ്രസിഡന്റിന്റെ അഡ്രസ്സ് : അഡ്വ. ബാബു ജോസഫ് കുമ്പളാങ്കൽ, ചെപ്പുകുളം പി.ഒ., തൊടുപുഴ, ഫോൺ 9447214772

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| May | 1 - 2 | - Programme for Teachers |
| " | 6 - 8 | - Pre-Marriage Course |
| " | 8 | - Family Apostolate Diocesan Council |
| " | 11 - 12 | - Red Cross gathering |
| " | 14 - 15 | - KCSHA meeting |
| " | 20 - 22 | - Pre-Marriage Course |
| " | 23 - 26 | - Jesus Can |
| " | 27 - 30 | - KCYM Retreat |

*Director*



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച്**

21 • മൈലക്കൊമ്പിൽ പുതുക്കി നിർമ്മിച്ച സെന്റ് തോമസ് യു.പി. സ്കൂളിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

22 • അംബികാപുരം സെന്റ് മേരീസ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 • ധർമ്മഗിരി സഭാംഗമായ സി. ബറ്റ്സിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് തങ്കളം പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മിത്വം വഹിച്ചു.

• കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള കോളേജുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ബിഷപ്സ് ഹൗസിൽ യാത്രയയപ്പു നൽകി.

24 • കത്തീഡ്രലിൽ നാല്പതുമണി ആരാധനയ്ക്ക് ആരംഭം കുറിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി കത്തീഡ്രലിൽ നടന്ന എക്യുമെനിക്കൽ പ്രാർത്ഥനയിൽ പങ്കെടുത്തു.

25-26 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന Liturgy Commission മീറ്റിംഗിൽ പങ്കെടുത്തു.

27 • ആരാധനസഭാംഗമായ സി. കൊച്ചുത്രേസ്യയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മാറിക മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• കോട്ടയം അതിരൂപതയിലെ വടക്കുംമുറി പള്ളിയിൽ പുതുതായി നിർമ്മിച്ച കുരിശിന്റെ വഴിയുടെ വെഞ്ചരിപ്പു കർമ്മത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• മുണ്ടൻമുടി പള്ളിയിൽ പോപ്പുലർ മിഷൻധ്യാനത്തിന്റെ സമാപനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

28 • ആനിക്കാട് പള്ളിയിൽ പുൽപ്പറമ്പിൽ തോമസ്-മേരി ദമ്പതികളുടെ നാലാമത്തെ കുട്ടി റോസ് ഡെൽഫീന എലിസബത്തിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• ആശാകിരണം പ്രോജക്ടിന്റെ ഭാഗമായി മുവാറ്റുപുഴ NESTT -ൽ നടന്ന കാൻസർ രോഗികളുടെ സംഗമത്തിൽ പങ്കെടുത്ത് അനു

ഗ്രഹപ്രഭാഷണം നടത്തുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

29 • ഓശാന ഞായറിന്റെ തിരുക്കർമ്മങ്ങൾക്ക് രാജഗിരി പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ**

2 • വി. മൂറോൻ കൂദാശയ്ക്ക് സെന്റ് ജോർജ് കത്തീഡ്രലിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

• പെസഹാവ്യാഴത്തിന്റെ തിരുക്കർമ്മങ്ങളോടനുബന്ധിച്ച് കത്തീഡ്രലിൽ കാൽകഴുകൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

3 • ദുഃഖവെള്ളിയാഴ്ചയുടെ തിരുക്കർമ്മങ്ങൾക്ക് പെരുമണ്ണൂർ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

4 • വലിയ ശനിയുടെ തിരുക്കർമ്മങ്ങൾക്ക് ഇഞ്ചൂർ പള്ളിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

5 • ഉയിർപ്പുഞായറിന്റെ തിരുക്കർമ്മങ്ങൾക്ക് കല്ലൂർക്കാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും പുതുതായി നിർമ്മിച്ച കൽക്കുരിശ് വെഞ്ചരിക്കുകയും ചെയ്തു.

6 • തൃക്കാരിയൂർ പള്ളിയിൽ കൊച്ചുപുരയ്ക്കൽ ഷിജോ-എലിസബത്ത് ദമ്പതികളുടെ നാലാമത്തെ കുട്ടി സെബാസ്റ്റ്യന്റെ മാമ്മോദീസായ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും വിശ്വാസോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

• SD സഭാംഗമായ സി. മേഴ്സിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

7 • ശ്രീ. ജോർജ് കൊള്ളിനാൽ രചിച്ച 'ജീവിതവിശുദ്ധിയും ആത്മാക്കളുടെ രക്ഷയും' എന്ന പുസ്തകം പ്രകാശനം ചെയ്തു.

9 • മലയിൻകീഴ് കർമ്മലീത്താ മഠത്തിൽ പുതുതായി നിർമ്മിച്ച ബലിപീഠത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

• തിരുഹൃദയസന്യാസസഭാംഗമായ സി. ജനുവാരിയൂസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

10 • സമർപ്പിത വർഷത്തോടനുബന്ധിച്ച് ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.



11 • ആരാധനാ സന്യാസസമൂഹത്തിലെ രണ്ട് അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും തൊടുപുഴ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

12 • പുതുഞായർ തിരുനാളിനോടനുബന്ധിച്ച് ആരക്കുഴ മലേക്കുരിശ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ജപമാലവഴിയിലെ സന്തോഷത്തിന്റെ രഹസ്യങ്ങൾ വെഞ്ചരിക്കുകയും ചെയ്തു.

15 • കത്തീഡ്രലിൽ നെല്ലനാട്ട് സിബി-മഞ്ജു ദമ്പതികളുടെ നാലാമത്തെ കുട്ടി തെരേസായുടെ മാമ്മോദീസായ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

• ബിഷപ്സ് ഹൗസിൽ നടന്ന രൂപതാ കാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17 • നെസ്റ്റിൽ നടന്നുകൊണ്ടിരിക്കുന്ന ദൈവശാസ്ത്രകോഴ്സിൽ ക്ലാസ്സെടുത്തു.

18 • കോട്ടയം അതിരൂപതയിലെ ഞീഴൂർ പള്ളിയുടെ ശതാബ്ദിയോടനുബന്ധിച്ച് നടന്ന രോഗീദിനത്തിൽ രോഗികൾക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 • കത്തീഡ്രൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

20 • ആയവന പള്ളിയിൽ മീനാംകുടിയിൽ ജോണി-അൽഫോൻസാ ദമ്പതികളുടെ ആറാമത്തെ കുട്ടി മരിയയുടെ മാമ്മോദീസായ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## Bishop's Engagements

**MAY 2015**

| | | | | |
|---|---|---|---|---|
| 1 | Fri | Meeting | Kadavoor | 10.00 am |
| | | Meeting | NESTT | 06.00 pm |
| 2 | Sat | Ordination | Mulapuram | 09.15 am |
| | | Qurbana | Vazhappilly East | 04.30 pm |
| 3 | Sun | Engaged | | |
| | | Meeting | Muvattupuzha | 07.30 pm |
| 4 | Mon | Vestition | Cathedral | 10.00 am |
| 5 | Tue | Consecration | Puliyanpara | 02.00 pm |
| 6 | Wed | Diocanate & Minor Orders | Cathedral | 08.30 pm |

| | | | | |
|---|---|---|---|---|
| 7 | Thu | Vestition | Cathedral | 10.00 am |
| 8 | Fri | Meeting | Cathedral | 04.00 pm |
| 9 | Sat | Qurbana | Sanjo, Ramalloor | 06.30 am |
| | | Meeting | Moolamattom | 11.00 am |
| 10 | Sun | Marriage | Nediasala | 11.30 am |
| 11 | Mon | Engaged | | |
| 12 | Tue | Altar Blessing | Kalayanthani | 07.15 am |
| | | Meeting | NESTT | 10.00 am |
| 13 | Wed | Engaged | | |
| 14 | Thu | Blessing, Qurbana | Neendapara | 04.30 pm |
| 15 | Fri | Qurbana | Vandamattam | 05.00 pm |
| | | Pastoral Council | | |
| 17 | Sun | Pastoral Visit | Chilavu | |
| 18 | Mon | Blessing | Muvattupuzha | 09.30 am |
| | | Kudumbayogam | Kalloorkad | 11.00 am |
| 19 | Tue | Baptism | Vazhakala | 10.00 am |
| 20 | Wed | Meeting | Athirampuzha | 10.00 am |
| 21 | Thu | Ordination | Enanalloor | 09.30 am |
| 23 | Sat | Perpetual Profession | MSJ Generalate | 10.30 am |
| 25 | Mon | Jubilee | Enanalloor | 11.30 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

# നിര്യാതരായി

## സി. ബെറ്റ്സി MSJ (കൂറ്റപ്പിള്ളിൽ)

ഇടവക : ഇഞ്ചൂർ
ജനനം : 30-04-1954
ആദ്യവ്രതം : 08-12-1975
നിത്യവ്രതം : 08-12-1983
മരണം : 22-03-2015
മൃതസംസ്കാരം : 23-03-2015 (തങ്കളം പ്രൊവിൻഷ്യൽ ഹൗസ്)



## സി. കൊച്ചുത്രേസ്യാ നെല്ലിക്കുന്നേൽ SABS

ഇടവക : കദളിക്കാട്
ജനനം : 29-01-1953
ആദ്യവ്രതം : 24-04-1970
നിത്യവ്രതം : 06-05-1978
മരണം : 26-03-2015
മൃതസംസ്കാരം : 27-03-2015 (മാറിക)

## സി. മേഴ്സി SD

ഇടവക : ഊന്നുകൽ
ജനനം : 12-07-1924
ആദ്യവ്രതം : 09-06-1946
നിത്യവ്രതം : 06-06-1954
മരണം : 05-04-2015
മൃതസംസ്കാരം : 06-04-2015 (കോഴിപ്പിള്ളി)

## സി. ബ്രജീറ്റ് നന്തലത്ത് SABS

ഇടവക : മാറിക
ജനനം : 14-04-1939
ആദ്യവ്രതം : 22-04-1961
നിത്യവ്രതം : 25-05-1965
മരണം : 21-04-2015
മൃതസംസ്കാരം : 23-04-2015 (മാറിക)

## മദർ സെൽസി FCC (വണ്ടനാക്കര)

ഇടവക : തഴുവംകുന്ന്
ജനനം : 15-10-1934
ആദ്യവ്രതം : 07-05-1962
നിത്യവ്രതം : 07-05-1965
മരണം : 23-04-2015
മൃതസംസ്കാരം : 24-04-2015 (ഈസ്റ്റ് വാഴപ്പിള്ളി)